**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തെരഞ്ഞെടുത്ത പഞ്ചായത്തുകളെ അതാത് പഞ്ചായത്തുകൾക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുമായി കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്ന സംവിധാനം നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐബി) വകുപ്പ്

സ.ഉ. (സാധാ) നം. 1320/2013/തസ്വഭവ. തിരുവനന്തപുരം, തീയതി,18.05.2013.

പരാമർശം:- 1. ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടറുടെ 06.02.2012 ,13.03.2012 തീയതികളിലെ IKM/GP/3350/2011 നമ്പർ കത്ത്.

2. ബി.എസ്.എൻ.എൽ ഡെപ്യൂട്ടി ജനറൽ മാനേജർ (ഇ. ബി) യുടെ 04.05.2012 ലെ EB /4-1/proposals/2012 -13 നമ്പർ കത്ത്.

3. ഐ.കെ.എം, എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടറുടെ 06.11.2012 ലെ ഐ.കെ.എം/ജി.പി/5434/2012 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ 14 ജില്ലകളിലെ ചുവടെ സൂചിപ്പിച്ചിരിക്കുന്ന ഗ്രാമ പഞ്ചായത്തുകളെ അതാത് പഞ്ചായത്തുകൾക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുമായി കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്ന സംവിധാനം നടപ്പിലാക്കുന്നതിനുള്ള ഒരു നിർദ്ദേശം ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ പരാമർശം (1) കത്തിലൂടെ സമർപ്പിച്ചിരുന്നു.

| ക്രമ നമ്പർ | ജില്ല | ഗ്രാമപഞ്ചായത്തിന്റെ പേര് |
|---|---|---|
| 1 | തിരുവനന്തപുരം | ചെറുന്നിയൂർ |
| 2 | കൊല്ലം | ആലപ്പാട് |
| 3 | പത്തനംതിട്ട | വടശ്ശേരിക്കര |
| 4 | ആലപ്പുഴ | മാരാരിക്കുളം നോർത്ത് |
| 5 | കോട്ടയം | വിജയപുരം |
| 6 | ഇടുക്കി | കുമളി |
| 7 | എറണാകുളം | പള്ളിപ്പുറം |
| 8 | തൃശ്ശൂർ | തളിക്കുളം |
| 9 | പാലക്കാട് | എലപ്പുള്ളി |
| 10 | മലപ്പുറം | താനാളൂർ |
| 11 | കോഴിക്കോട് | പേരാമ്പ്ര |
| 12 | വയനാട് | ഇടവക |
| 13 | കണ്ണൂർ | കീഴൂർ ചാവശ്ശേരി |
| 14 | കാസർഗോഡ് | മടിക്കൈ |

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മേൽ സൂചിപ്പിച്ച പഞ്ചായത്തുകളെ അതാതു പഞ്ചായത്തുകൾക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുമായി കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്ന സംവിധാനം നടപ്പിലാക്കുന്നതിനായി താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു:

i) ചെറുന്നിയൂർ, മാരാരിക്കുളം, വിജയപുരം, തളിക്കുളം എന്നീ ഗ്രാമ പഞ്ചായത്തുകളിൽ ഇപ്പോൾ തന്നെ KSWAN കണക്റ്റിവിറ്റി ഉള്ളതിനാൽ ഈ പഞ്ചായത്തുകൾക്ക് കീഴിൽ വരുന്ന സ്ഥാപനങ്ങളെ KSWAN മായി ബന്ധിപ്പിക്കേണ്ടതാണ്.

ii) KSWAN കണക്ഷൻ ലഭ്യമല്ലാത്ത ഗ്രാമ പഞ്ചായത്തുകൾക്ക് കീഴിലുള്ള സ്ഥാപനങ്ങളിൽ BSNL ന്റെ BBG 700 പ്ലാൻ തെരഞ്ഞെടുക്കേണ്ടതാണ്.

iii) ബ്രോഡ്ബാന്റ് കണക്ഷൻ ലഭിക്കുന്നതിനായി ലാന്റ് ലൈൻ കണക്ഷൻ ആവശ്യമുണ്ടെങ്കിൽ BSNL ന്റെ 'സുലഭ്' സ്കീം തെരഞ്ഞെടുക്കേണ്ടതാണ്.

iv) ബ്രോഡ്ബാന്റ് കണക്ഷൻ ലഭ്യമാക്കുന്ന പദ്ധതിയ്ക്ക് ആവശ്യമായ വാർഷിക ചെലവ് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതും പദ്ധതി നിർവ്വഹണത്തിനാവശ്യമായ തുക ഇൻഫർമേഷൻ കേരള മിഷൻ വഹിക്കേണ്ടതുമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

കെ.ആർ.ജ്യോതിലാൽ/കൃഷ്ണാനന്ദൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഡെപ്യൂട്ടി ജനറൽ മാനേജർ (ഇ ബി), കേരള ടെലികോം സർക്കിൾ, തിരുവനന്തപുരം -33.

ധനകാര്യ വകുപ്പ് (22.12.2012 ലെ 102983/ഡെവ 3/12/ധന പ്രകാരം)

ഐ.ടി വകുപ്പ് (284/B2/13/ITD പ്രകാരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ